സ്ഥിതിയില്ല. അതുകൊണ്ട് ഇതിൽ പറഞ്ഞിരിക്കുന്ന സാധനങ്ങൾ ഉണ്ടാക്കിയാൽ ചെലവാകുകയില്ല, മാർക്കറ്റുണ്ടാകുകയില്ല എന്ന ഭീതി ആവശ്യമില്ല.

ശ്രീ. കെ.ജെ. ചാക്കോ: ഖാദിബോർഡിന്റെ കീഴിൽ ഇന്നു നടക്കുന്നു എന്നു പറയുന്ന മരച്ചക്കിലെ എണ്ണയാട്ട്, കൈകൊണ്ടുള്ള പേപ്പർ നിർമ്മാണം, തേനീച്ച പിടിത്തം മുതലായ ജോലികൾ ശരിയായി നടക്കുന്നില്ലെന്നും ഇതെല്ലാം കടലാസിൽ മാത്രമേ നടക്കുന്നുള്ളു എന്നുള്ളതും മനസ്സിലാക്കി യഥാർത്ഥത്തിൽ ജോലി കൊടുക്കുകയെന്നുള്ള ഉദ്ദേശമാണ് ഗവൺമെന്റിനുള്ളതെങ്കിൽ അതിനു പ്രത്യേക സ്കീം ഉണ്ടാക്കി അതു നടപ്പാക്കാൻ തയ്യാറാകുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: സൊസൈറ്റികൾ ചിലത് പ്രവർത്തനരഹിതമാണെന്നും നന്നായി നടക്കുന്നില്ലെന്നും ഉള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതു പ്രവർത്തനക്ഷമമാക്കാനുള്ള നടപടിയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. തേനീച്ച വളർത്തൽ നല്ല ഒരു സ്കീമാണ്. ഏറ്റവും നല്ല സ്കീം ആണ്. അതുകൊണ്ട് അതിനെ ആക്ഷേപിച്ചു തള്ളരുത്. ഇതിൽ പറയുന്ന സ്കീമുകൾ എല്ലാംതന്നെ നമ്മുടെ രാജ്യത്ത് ആവശ്യമാണ്. വികസിത രാജ്യങ്ങളിൽ ആവശ്യമില്ല. അവികസിത രാജ്യങ്ങളിൽ കൂടുതൽ തൊഴിൽ രഹിതരുള്ള നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ഇത് പ്രയോജനകരമായ സ്കീമാണ്. അതുകൊണ്ട് ഇതിനുമുമ്പ് ഒരിക്കലും ഉണ്ടാകാത്ത വിധത്തിൽ ഒരു കോടി രൂപ ഇതിനുവേണ്ടി നാം പ്ലാനിലും പ്ലാനിൽ പെടുത്താതെയും പെടുത്തിയിട്ടുണ്ട്. എല്ലാവരുംകൂടി പരിശ്രമിച്ചാൽ ഇത് പ്രയോജനകരമായി നടപ്പാക്കാൻ കഴിയുമെന്നാണ് വിചാരിക്കുന്നത്.

ഗവൺമെന്റ് പ്ലീഡർമാരുടെ നിയമന കാലാവധി

* 598 [638] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി:
,, എൻ.ഐ. ദേവസ്സിക്കുട്ടി:
,, ഇ. നാരായണൻ നായർ:
,, വി. ഈച്ചരൻ:
,, സേവ്യർ അറയ്ക്കൽ:
,, എ.എ. റഹീം:
,, തെന്നല ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്ലീഡർമാരുടെ നിയമന കാലാവധി പൂർത്തിയായോ;

(ബി) എങ്കിൽ എവിടെയെല്ലാം;

(സി) ഈ ഒഴിവുകളിൽ നിയമനങ്ങൾ നടത്തുവാൻ താമസിക്കുന്നത് എന്തുകൊണ്ടാണ്;

(ഡി) തിരുവനന്തപുരത്ത് എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്;

(ഇ) ഇതിലേക്ക് യോഗ്യതയുള്ള അഭിഭാഷകരുടെ ലിസ്റ്റ് ജില്ലാ കളക്ടർ ഗവൺമെന്റിലേക്ക് അയച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഉണ്ടെങ്കിൽ എന്ന്?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ), ബി) താഴെപറയുന്ന ഗവൺമെൻറ് പ്ലീഡറൻമാരുടെ നിയമനകാലാവധി പൂർത്തിയായി.

ലയിസൺ ഓഫീസർ ഹൈക്കോർട്ട് 1, പബ്ലിക് പ്രോസിക്യൂട്ടർ ഹൈക്കോർട്ട് 1, അഡീഷണൽ ഗവൺമെൻറ് പ്ലീഡർ ഹൈക്കോർട്ട് 8, ജൂനിയർ ഗവൺമെൻറ് പ്ലീഡർ ഹൈക്കോർട്ട് 8, ഡിസ്ട്രിക്ട് ഗവൺമെൻറ് പ്ലീഡർ തിരുവനന്തപുരം 1, അഡീഷണൽ ഗവൺമെൻറ് പ്ലീഡർ തിരുവനന്തപുരം 3, ഡിസ്ട്രിക്ട് ഗവൺമെൻറ് പ്ലീഡർ കോട്ടയം 1, അഡീഷണൽ ഗവൺമെൻറ് പ്ലീഡർ കോട്ടയം 1, ഡിസ്ട്രിക്ട് ഗവൺമെൻറ് പ്ലീഡർ തൃശ്ശൂർ 1, ഡിസ്ട്രിക്ട് ഗവൺമെൻറ് പ്ലീഡർ കോഴിക്കോട് 1, അഡീഷണൽ ഗവൺമെൻറ് പ്ലീഡർ വടകര 1. ഇതിൽ ഹൈക്കോർട്ടിലെ പബ്ലിക് പ്രോസിക്യൂട്ടറെയും വടകരയിലെ ഗവൺമെൻറ് പ്ലീഡറെയും മറ്റാളുകളെ തൽസ്ഥാനങ്ങളിൽ നിയമിക്കുന്നതുവരെ നിലവിലുള്ള തസ്തികകളിൽ തുടരാനാണ് അനുവദിച്ചിരിക്കുന്നത്.

കോട്ടയത്തെ അഡീഷണൽ ഗവൺമെൻറ് പ്ലീഡർ ശ്രീ. കെ. പി. ഫിലിപ്പിൻെറ കാലാവധി 31.3.79 വരെയാണ് ദീർഘിപ്പിച്ചിരിക്കുന്നത്.

തൃശ്ശൂർ ഡിസ്ട്രിക്ട് ഗവൺമെൻറ് പ്ലീഡറുടെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. അഡീഷണൽ ഗവൺമെൻറ് പ്ലീഡർ ശ്രീ. പി. ജി. ജോർജ്ജിന് ഡിസ്ട്രിക്ട് ഗവൺമെൻറ് പ്ലീഡറുടെ ചാർജ്ജുകൂടി നൽകിയിരിക്കുന്നു.

മറ്റുള്ള പ്ലീഡറൻമാരെ ഇനിയൊരുത്തരവുണ്ടാകുന്നതുവരെ അവരുടെ തസ്തികകളിൽ തുടരുവാൻ അനുവദിച്ചിരിക്കുകയാണ്.

(സി) നിയമനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(ഡി) നാല്.

(ഇ) ഉണ്ട്.

(എഫ്) 19.1.1979 ലാണ് ജില്ലാ കളക്ടർ ലിസ്റ്റ് ഗവൺമെൻറിലേക്ക് അയച്ചത്.

ശ്രീ. കെ.എസ്. നാരായണൻ നമ്പൂതിരി: തുടർച്ചയായി മൂന്നു ടേം നീട്ടിക്കൊടുത്ത പ്ലീഡറൻമാർ എത്ര വരും?

ശ്രീ. എം.കെ. രാഘവൻ: എത്ര പേരുണ്ടെന്ന് കൃത്യമായി ഇപ്പോൾ പറയാൻ പറ്റുകയില്ല. നാലഞ്ചുപേരെങ്കിലും കാണാതിരിക്കുകയില്ല.

ശ്രീ. ഇ. നാരായണൻ നായർ: ഇത്രയെല്ലാം തസ്തികകളിൽ ഒഴിവ് ഉണ്ടായിട്ടും ഈ തസ്തികകളിലൊന്നും നിയമനം നടത്താതെ നീട്ടിക്കൊണ്ടുപോകുന്നതിൻെറ കാരണമെന്താണ്. രണ്ടിലധികം തവണ നീട്ടിക്കൊടുത്ത കീഴ്വഴക്കമില്ലാതിരിക്കെ മൂന്നു തവണ നീട്ടിക്കൊടുത്തതായി റിക്കാർഡുകളുണ്ടെന്നു പറയുന്നത് ശരിയാണോ?

ശ്രീ. എം. കെ. രാഘവൻ: മൂന്നു പ്രാവശ്യം നീട്ടിക്കൊടുത്ത നാലഞ്ചു കേസുകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. നാരായണൻനായർ: ഇത്രയെല്ലാം തസ്തികകളുണ്ടായിട്ടും അവിടെ നിയമനം നടത്താതിരിക്കുന്നതിന്റെ കാരണമെന്താണെന്നാണ് ചോദിച്ചത്. എക്സ്റ്റൻഷൻകൊടുത്തത് നിയമവിരുദ്ധമായിട്ടാണ്. മൂന്നുതവണ നീട്ടിക്കൊടുത്തതിനു റിക്കാർഡുണ്ട്. അതുവച്ചുകൊണ്ടാണ് ചോദിച്ചത്.

ശ്രീ. എം.കെ. രാഘവൻ: ആദ്യം പറഞ്ഞകാര്യത്തിന് സി. യുടെ ഉത്തരം മതിയാകുന്നതാണ്. അതുകൊണ്ടാണ് ഞാൻ അത് എടുത്തു പറയാതിരുന്നത്. രണ്ടുമൂന്നുപ്രാവശ്യം നീട്ടിക്കൊടുക്കുക എന്നു പറയുന്നതു നിയമവിരുദ്ധമായിട്ടുള്ളതല്ല. അങ്ങനെയുള്ള മൂന്നുനാലു കേസുകളുണ്ടെന്നാണ് പറഞ്ഞത്.

ശ്രീ. വി. ഈച്ചരൻ: കാലാവധി കഴിഞ്ഞിട്ടും നീട്ടികൊടുക്കുന്നതിനുള്ള കാരണം തക്കസമയത്ത് നിയമനം നടത്തുന്നതിനു നടപടിയെടുക്കാത്തതാണോ അതോ വേണ്ടത്ര യോഗ്യതയുള്ള ആളുകളില്ലാത്തതാണോ?

ശ്രീ. എം.കെ. രാഘവൻ: യോഗ്യതയുള്ള ആളുകൾ ഇല്ലാഞ്ഞിട്ടല്ല. ഞാൻ നേരത്തെ പറഞ്ഞ പല കാര്യങ്ങളും ആലോചിക്കേണ്ടിയിരിക്കുന്നു. ഒരു പാനൽ വന്നു കഴിഞ്ഞാൽ എല്ലാകാര്യങ്ങളും ആലോചിച്ച് നീതി പൂർവ്വകമായി മാത്രമേ നിയമനം നടത്താൻ സാധിക്കുകയുള്ളു. അതിന്റെ ഫലമായി കുറച്ചു സമയം കൂടുതലായി എടുക്കേണ്ടിവന്നു.

ശ്രീ. സേവ്യർ അറയ്ക്കൽ: ഹൈക്കോർട്ടിൽ ഗവൺമെന്റ് പ്ലീഡർമാരുടെയും അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാരുടെയും കാലാവധി പലപ്രാവശ്യം നീട്ടിക്കൊടുത്തിട്ടുണ്ട്. അതുപരിഗണിച്ച് കഴിയുന്നതുംവേഗം അവിടെ നിയമനം നടത്തുന്നതിനു മുൻകൈയെടുക്കുമോ?

ശ്രീ. എം.കെ. രാഘവൻ: തീർച്ചയായും മുൻകൈയെടുക്കും. ഇത്രയും സമയം നീളാനിടയായതുതന്നെ ബഹുമാനപ്പെട്ട മെമ്പറെപ്പോലെയുള്ള ആളുകൾ ആ സ്ഥാനമൊഴിഞ്ഞുപോയതാണ്.

ശ്രീ. സേവ്യർ അറയ്ക്കൽ: 19.1.1979-ൽ കളക്ടർ ലിസ്റ്റ് അയച്ചു എന്നു തോന്നുന്നു. ആ ലിസ്റ്റനുസരിച്ചുള്ളവരെ കഴിയുന്നതും വേഗം ജില്ലാതലസ്ഥാനങ്ങളിൽ നിയമിക്കാൻ എന്താണു കാലതാമസം? ഇങ്ങനെ കാലതാമസം വരുന്നതുകൊണ്ട് നീതിപൂർവ്വകമായി, നല്ലവിധത്തിൽ കേസുകൾ നടത്തുന്നതില്ല എന്നുള്ളതു പരിഗണിച്ച് എത്രയുംപെട്ടെന്നു നിയമനം നടത്തുന്നതിനു നടപടിയെടുക്കുമോ?

ശ്രീ. എം.കെ. രാഘവൻ: ഉടനെ നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. എ.എ. റഹീം: പാനൽ അയച്ചാൽ അതിലുള്ള ആളുകളെ നിയമിക്കാതെ പുറത്തുനിന്നാളുകളെ എടുക്കുന്നുണ്ടോ, ഉണ്ടെങ്കിൽ എന്താണു കാരണം?

ശ്രീ. എം.കെ. രാഘവൻ: പാനലിനു വെളിയിൽനിന്ന് എടുക്കാൻ നിർവ്വാഹമില്ല; അതിനു നിയമം അനുവദിക്കുന്നുമില്ല. ചില നിയമങ്ങൾക്കു വിധേയമായി മാത്രമേ ജില്ലാകളക്ടർക്ക് പാനൽ അയയ്ക്കാൻ സാധിക്കുകയുള്ളു. പാനൽ അങ്ങനെയാകാതിരുന്നാൽ അതു തിരിച്ചയച്ചിട്ട് നിയമപ്രകാരമുള്ള ലിസ്റ്റ് വരുത്താൻ ഗവൺമെന്റിനധികാരമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.എ. റഹീം: തിരിച്ചയച്ചിട്ട് ചില പ്രത്യേക പേരുകൾ അയയ്ക്കണമെന്നു പറഞ്ഞ് കളക്ടറെ നിർബന്ധിച്ച് പേരുവരുത്തുന്ന ഏർപ്പാടുണ്ടെന്നു പറയുന്നതു ശരിയാണോ?

ശ്രീ. എം.കെ. രാഘവൻ: ഗവൺമെന്റിന്റെ അറിവിലില്ല.

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: എക്സ്റ്റൻഷൻ കൊടുക്കുന്നതിനു കാലാവധി നിശ്ചയിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് എത്രയാണെന്നു വ്യക്തമാക്കാമോ?

ശ്രീ. എം. കെ. രാഘവൻ: ചില കേസുകളിൽ 3/79 വരെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്. മറ്റു ചില കേസുകളിൽ മറ്റൊരാൾ വരുന്നതുവരെ എന്ന കാലാവധിവച്ചാണ് കൊടുത്തിരിക്കുന്നത്.

ശ്രീ. പി.ആർ. കുറുപ്പ്: നിശ്ചിതകാലാവധിക്കുള്ളിൽ ഏതെങ്കിലും ഗവൺമെന്റ് പ്ലീഡർമാരെയോ പബ്ലിക് പ്രോസിക്യൂട്ടർമാരെയോ പിരിച്ചുവിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനു പ്രത്യേക കാരണങ്ങൾ വല്ലതുമുണ്ടായിട്ടുണ്ടോ?

ശ്രീ. എം.കെ. രാഘവൻ: പിരിച്ചുവിട്ട സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. പ്രത്യേകമായ ഏതെങ്കിലും കേസ് ചൂണ്ടിക്കാണിച്ചാൽ എന്താണെന്നു പറയാം.

ശ്രീ. എൻ. ഭാസ്കരൻനായർ: ക്രിമിനൽ പ്രൊസീഡിയർ കോഡിൽ വരുത്തിയിട്ടുള്ള പുതിയ ഭേദഗതിയനുസരിച്ച് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറെ ഗവൺമെന്റ് പ്ലീഡറായി നിയമിക്കണമെന്ന വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ അതനുസരിച്ചു പ്രവർത്തിക്കാൻ തയ്യാറാകുമോ?

ശ്രീ. എം.കെ. രാഘവൻ: അങ്ങനെയൊരു പ്രത്യേക വ്യവസ്ഥ ഭേദഗതിനിയമത്തിൽ ഇല്ല. അതൊരഭിപ്രായം മാത്രമാണ്. പുതിയ ഭേദഗതി നിയമത്തിൽ ചില വ്യവസ്ഥകളും നിർദ്ദേശങ്ങളുമൊക്കെയുണ്ട്. പക്ഷേ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറെ ഗവൺമെന്റ് പ്ലീഡറായി നിയമിച്ചുകൊള്ളണമെന്നു നിർബന്ധിക്കുന്ന ഒരു ഭേദഗതി ഇല്ല.

ശ്രീ. കല്ലട നാരായണൻ: പ്ലീഡർമാരെ നിയമിക്കുമ്പോൾ പിന്നോക്കസമുദായങ്ങൾക്കും ഹരിജനങ്ങൾക്കും അർഹമായ പ്രാതിനിധ്യം ലഭിക്കുന്നില്ലെന്നുള്ളതു പരിഗണിച്ച് സംവരണതത്ത്വം പാലിച്ച് നിയമനം നടത്താനുള്ള നടപടിയെടുക്കുമോ?

ശ്രീ. എം.കെ. രാഘവൻ: ഹരിജനങ്ങൾക്കും പിന്നോക്കസമുദായക്കാർക്കുമൊക്കെ വേണ്ട പ്രാതിനിധ്യംകിട്ടുന്നില്ലെന്നുള്ള ആക്ഷേപമുണ്ടായിട്ടുണ്ട്. അത് പല കാരണങ്ങളാൽ സംഭവിക്കുന്നതാണ്. ആ ആക്ഷേപം തീരെ ഇല്ലാതാക്കാൻ സാധിച്ചില്ലെങ്കിലും കുറയ്ക്കാൻ വേണ്ട ശ്രമം നടത്താം.

ശ്രീ. കെ.പി. നൂറുദ്ദീൻ: പിന്നോക്ക വിഭാഗക്കാർക്ക് അർഹമായ പ്രാതിനിധ്യം കിട്ടുന്നില്ലെന്നുള്ള ആക്ഷേപമുണ്ടെന്നു പറഞ്ഞു. ജില്ലാ കളക്ടറോട് പാനൽ ചോദിക്കുന്ന അവസരത്തിൽ ഈ കാര്യങ്ങൾകൂടി പരിഗണിക്കാൻ നിർദ്ദേശം കൊടുക്കുന്നതിൽ എന്തെങ്കിലും അപാകതയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. രാഘവൻ: അപാകതയുണ്ട്. നിയമം അത് അനുശാസിക്കുന്നില്ല. ഒരു പഠനൽ അയച്ചുതരണം, അത് ഇന്നയിന്ന നിയമങ്ങളെല്ലാം അനുസരിച്ചായിരിക്കണം എന്നു പറയാനല്ലാതെ പ്രത്യേകമായ ഒരുകാര്യംകൂടി ഉൾപ്പെടുത്തണമെന്നു പറഞ്ഞു നിർദ്ദേശം കൊടുക്കുന്നതു നിയമത്തിനു വിധേയമായിരിക്കുകയില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: തൃശ്ശൂരിലെ ഗവൺമെൻറ് പ്ലീഡർ കരുണാകരൻ കാലാവധി നീട്ടിക്കിട്ടുന്നതിനുവേണ്ടി ജനനത്തീയതിയിൽ കൃത്രിമം കാണിച്ച് അപേക്ഷിച്ച സംഭവം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം.കെ. രാഘവൻ: അങ്ങനെ കൃത്രിമമായി ജനനത്തീയതി മാറ്റി എന്ന് ഗവൺമെൻറിന് അഭിപ്രായമില്ല. ഇതിനുമുൻപ് കരുണാകരൻ അപേക്ഷിച്ചപ്പോൾ ഉണ്ടായിരുന്ന ജനനത്തീയതിയും ഇപ്പോൾ അപേക്ഷിച്ചപ്പോൾ പറഞ്ഞ ജനനത്തീയതിയും തമ്മിൽ നോക്കിയപ്പോൾ ഏതോ ഒരു ജനനത്തീയതി പിശകാണെന്നു തോന്നി. എന്നല്ലാതെ ഇതു കൃത്രിമമാണ് ഇതു കൃത്രിമമല്ല എന്ന് ഗവൺമെൻറിനു കൃത്യമായി പറയാൻ സാധ്യമല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വളരെ പ്രധാനപ്പെട്ട പല കേസുകളിലും പോലീസിന്റെ മൊഴിയെടുക്കുന്ന കക്ഷികളെ പ്രതിനിധീകരിക്കുന്നവരാണ് ഗവൺമെൻറ് പ്ലീഡർമാരും പബ്ലിക് പ്രോസിക്യൂട്ടർമാരും. ഏതു സമുദായമായാലും വിരോധമില്ല. നന്നായി പ്രവർത്തിക്കാൻ കഴിവുള്ളവരെ അല്ല നിയമിക്കുന്നത് എന്നുള്ള ഒരു ചിന്താഗതി ജനങ്ങളുടെയിടയിലുണ്ട്. അതുകൊണ്ട് സമർത്ഥരും പ്രഗൽഭരുമായ ആളുകളെത്തന്നെ ഗവൺമെൻറ് പ്ലീഡർമാരായും പബ്ലിക് പ്രോസിക്യൂട്ടർമാരായും നിയമിക്കുന്നതിനു മുൻകൈയെടുക്കുമോ?

ശ്രീ. എം.കെ. രാഘവൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ തരത്തിലുള്ള ഒരു പ്രചരണം ഇവിടെയുണ്ട്. കഴിയുന്നതും കേസ് നടത്താൻ പ്രാഗൽഭ്യമുള്ളവരെത്തന്നെ തിരഞ്ഞെടുക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. പി.പി. എസ് തോസ്: സാധാരണ ഗവൺമെൻറ് വക്കീലൻമാരെന്നറിയപ്പെടുന്ന ആളുകൾ മറ്റുതരത്തിൽ കേസുകിട്ടാൻ നിർവ്വാഹമില്ലാത്തവരാണ്. അതുകൊണ്ട് പ്രഗൽഭരായ ആളുകൾ അവിടെ വരുന്നതിനുവേണ്ടി ഇപ്പോഴത്തെ റെമ്യൂനറേഷൻ വർദ്ധിപ്പിക്കുന്നതിനു മുൻകൈയെടുക്കുമോ?

ശ്രീ. എം.കെ. രാഘവൻ: ഇപ്പോഴത്തെ റെമ്യൂനറേഷൻ തീരെ മോശമൊന്നുമല്ല, സാമാന്യം ഭേദപ്പെട്ടതാണ്. പക്ഷേ ഈ പറഞ്ഞതുപോലെയുള്ള ഒരു ദോഷമുണ്ട്. മറുഭാഗത്തുനിന്നും കേസ് വാദിച്ച് കൂടുതൽ പണം സമ്പാദിക്കാൻ സാധിക്കുകയില്ല. ഗവൺമെൻറിൽ നിന്നു ലഭിക്കുന്ന പണം മാത്രമേ ഉള്ളൂ..

LIBRARY ARCHIVES Kerala Legislative Assembly